റിട്ട് അപ്പീൽ നം. 1436/03 (ഷാജൻ കുര്യൻ വെർസസ് സ്റ്റേറ്റ് ഓഫ് കേരള മുതൽ പേർ) എന്ന കേസ്സിൽ 29-8-2003-ലെ വിധിപ്രകാരം സിങ്കിൾ ബഞ്ചിന്റെ ഉത്തരവ് ശരിവയ്ക്കുകയുണ്ടായി. എന്നാൽ സർക്കാരിന് പൊതുവിൽപ്പന നികുതി നിയമം 10 പ്രകാരം നിലവിലുള്ള വിജ്ഞാപനത്തിൽ മാറ്റം വരുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഫയൽ ചെയ്ത 1724/03 നമ്പർ അപ്പീലിന്മേൽ അന്തിമ വിധിയായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുവാൻ 22-1-2004-ലെ 26140/ബി3/03/റ്റി.ഡി. പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ ബഡ്ജറ്റ് പ്രകാരം 25 ലക്ഷത്തിൽ താഴെ വിറ്റു വരുമാനമുള്ള ഖാദി യൂണിറ്റുകളെ പരിപൂർണ്ണമായും നികുതി വിമുക്തമാക്കിയിട്ടുണ്ട്.

(ഇ) ഹൈക്കോടതി വിധിയ്ക്കെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ (1724/03) ഇതുവരെയും അന്തിമ വിധിയാവാത്തതിനാൽ നികുതി ഇളവ് മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്ന കാര്യം സംബന്ധിച്ച തീരുമാനം ഇപ്പോൾ കൈക്കൊള്ളാൻ കഴിയില്ല. എന്നാൽ നികുതി കുടിശ്ശിക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുവാൻ എല്ലാ ബന്ധപ്പെട്ട നികുതി ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ധർമ്മസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കാൻ നടപടി

25 [1994] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ട്രഷറി നിയന്ത്രണം മൂലം യഥാസമയം ഗ്രാന്റ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓർഫനേജുകൾക്കും ഇതര ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റ് ട്രഷറി നിയന്ത്രണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ ഗ്രാന്റിനെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കണമെന്ന അഭ്യർത്ഥനകൾ മാനിച്ച് പ്രതിമാസ ഇളവുകളിൽ ഉൾപ്പെടുത്തി വരുന്നു.

(ബി) പൂർണ്ണമായും ഒഴിവാക്കാൻ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. പ്രതിമാസ ഇളവുകളിൽ ഈ ഗ്രാന്റ് ഇപ്പോൾ തന്നെ ഉൾപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly